(7) സഹകരണ ജീവനക്കാരുടെ അടിയന്തിര ആവശ്യങ്ങൾ

ശ്രീ. കെ. എ. ചന്ദ്രൻ: സർ, സഹകരണ ജീവനക്കാരുടെ അടിയന്തിരാവശ്യങ്ങൾ അംഗീകരിക്കേണ്ടതു സംബന്ധിച്ച ആവശ്യമാണ് ഞാൻ സഭയിൽ ഉന്നയിക്കുന്നത്. കേരള കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് ഫ്രണ്ടിന്റെ സംസ്ഥാന കൗൺസിൽ അംഗങ്ങൾ ഇന്ന് ഈ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി സെക്രട്ടേറിയറ്റ് നടയിൽ ധർണ്ണ നടത്തുകയാണ്. കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് കേരളത്തിലെ സഹകരണ മേഖലയുടെ സർവതോൻമുഖമായ പുരോഗതിക്ക് സഹായകരമായ ഒരു സഹകരണ നയം സർക്കാർ എത്രയുംവേഗം പ്രഖ്യാപിക്കുക, സഹകരണമേഖലയെ തകർച്ചയിൽ നിന്ന് രക്ഷിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുക, കേരളത്തിലെ സഹകരണ മേഖലയുടെ പുരോഗതിക്ക് ഉതകുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കുക, സഹകരണ ജീവനക്കാരുടെ അടിയന്തിരാവശ്യങ്ങൾ അംഗീകരിക്കുക തുടങ്ങിയവയാണ് അവരുടെ ആവശ്യങ്ങൾ. ഈ വക കാര്യങ്ങൾ കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് ഫ്രണ്ടിന്റെയും മറ്റ് സംഘടനകളുടേയും ഭാരവാഹികളെ വിളിച്ചുകൂട്ടി ഗവൺമെന്റ് അടിയന്തിരമായി ചർച്ചചെയ്ത് പരിഹാരമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ.എം.വി.രാഘവൻ): സർ, അവരുടെ നിവേദനം ശ്രീ. ചന്ദ്രനും അതുപോലെ ശ്രീ. പ്രതാപനും തന്നിട്ടുണ്ട്. അവരെ വിളിച്ച് സംസാരിച്ച് പ്രശ്നങ്ങൾ പരിഹരിക്കാം. അംഗങ്ങൾ അധികം ഉണ്ടെന്ന് തോന്നുന്നില്ല, കമ്മിറ്റിയെ വച്ച് അതെല്ലാം ചെയ്യാൻ ഗവൺമെന്റ് തയ്യാറാണ്. പല കമ്മിറ്റികളും രൂപീകരിച്ച് കഴിഞ്ഞിട്ടുണ്ട്. അവരുടെ ആവശ്യങ്ങൾ അനുഭാവപൂർവം പരിഗണിക്കും.

V പ്രത്യേക പരാമർശം

കർഷകരുടെ ആത്മഹത്യ സംബന്ധിച്ച്

ശ്രീ. കെ. പി. രാജേന്ദ്രൻ: കേന്ദ്ര ഗവൺമെന്റ് കൃഷിക്കാരുടെ ആത്മഹത്യ സംബന്ധിച്ച് കേരള സംസ്ഥാന ഗവൺമെന്റിനോട് ചോദിച്ചപ്പോൾ കേരളത്തിലെ കർഷകരാരും ആത്മഹത്യ ചെയ്തിട്ടില്ലായെന്ന് സംസ്ഥാന ഗവൺമെന്റ് ഔദ്യോഗികമായി കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചതായി കേന്ദ്ര കൃഷി വകുപ്പുമന്ത്രി ശ്രീ. ശരത് പവാർ ജൂലായ് 5-ാം തീയതി തിങ്കളാഴ്ച പാർലമെന്റിൽ ഒരു സ്റ്റാർഡ് ക്വസ്റ്റ്യന് മറുപടിയായി പറഞ്ഞു. ഇതിനെ സംബന്ധിച്ച വാർത്ത എല്ലാ പത്രങ്ങളിലും വന്നിട്ടുണ്ട്. ഏതൊക്കെ സംസ്ഥാനങ്ങളിലാണ് കൃഷിക്കാർ ആത്മഹത്യ ചെയ്തത് എന്നാണ് ചോദ്യം ആന്ധ്ര, കർണ്ണാടക, ഒറീസ, പഞ്ചാബ്, രാജസ്ഥാൻ തുടങ്ങിയ സംസ്ഥാനങ്ങളിൽ ആത്മഹത്യ ചെയ്തവരുടെ കണക്ക് മന്ത്രി വെളിപ്പെടുത്തി.. എന്നാൽ കേരള സംസ്ഥാനത്ത് നിന്ന് ആരും ആത്മഹത്യ ചെയ്തതായി റിപ്പോർട്ടില്ല എന്നാണ് കേരള ഗവൺമെന്റ് അറിയിച്ചിട്ടുള്ളത് എന്നാണ് കേന്ദ്ര മന്ത്രി പറഞ്ഞത്. കേരളത്തിലെ ഒരു കൃഷിക്കാരനും ആത്മഹത്യ ചെയ്തിട്ടില്ലെന്നും കേന്ദ്രമന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരത്തിൽ അറിയിക്കുകയുണ്ടായി. ഈ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ കേരളത്തിൽ 28,955 പേർ ആത്മഹത്യ ചെയ്തതായി മുഖ്യമന്ത്രി 28-6-2004-ൽ എന്റെ ഒരു ചോദ്യത്തിന് മറുപടിയായി പറഞ്ഞു. ഇതിൽ ഏകദേശം 3500-ഓളം പേരെങ്കിലും കൃഷിക്കാരായിരിക്കും എന്നാണ് കേരളത്തിലെ എല്ലാ പത്രമാധ്യമങ്ങളും റിപ്പോർട്ട് ചെയ്തിട്ടുള്ളത്. പാലക്കാട്, വയനാട്, ഇടുക്കി, തുടങ്ങിയ ജില്ലകളിൽ അത്മഹത്യ ചെയ്ത കൃഷിക്കാരുടെ പേരും വിലാസവും അത് സംബന്ധിച്ച റിപ്പോർട്ടുകളും സംബന്ധിച്ച് പ്രതിപക്ഷാംഗങ്ങൾ ഈ സഭയിൽ നിരവധി തവണ ഉന്നയിച്ചിട്ടുള്ളതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് തന്നെ പല തവണ ഇവിടെ കാര്യങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പാർലമെന്റിൽ ഈ റിപ്പോർട്ടുകൾ വന്ന ദിവസം തന്നെ സുൽത്താൻ ബത്തേരിയിൽ ഒരു കൃഷിക്കാരൻ ആത്മഹത്യ ചെയ്തത് എല്ലാ പത്രങ്ങളും റിപ്പോർട്ട് ചെയ്തു. ഇൻഡ്യാരാജ്യത്ത് കൃഷിക്കാരുടെ ആത്മഹത്യ വർദ്ധിച്ച സാഹചര്യത്തിൽ കേന്ദ്ര ഗവൺമെന്റ് തന്നെ ചില പ്രത്യേക പാക്കേജ് പദ്ധതികൾ പ്രഖ്യാപിക്കുകയുണ്ടായി. പ്രധാനമന്ത്രി ശ്രീ. മൻമോഹൻ സിംഗ് ആന്ധ്രയിൽ കൃഷിക്കാർ ആത്മഹത്യ ചെയ്ത സ്ഥലത്തുപോയി അവരുടെ കുടുംബാംഗങ്ങളുടെ യോഗങ്ങൾ വിളിച്ചുകൂട്ടി ചില പദ്ധതികൾ പ്രഖ്യാപിച്ചു. സംസ്ഥാന ഗവൺമെന്റ് ദുരഭിമാനത്തിന്റെ പേരിൽ സർക്കാരിന്റെ പരാജയം മറച്ചുവയ്ക്കാൻ യഥാർത്ഥ വസ്തുതകൾ കേന്ദ്ര ഗവൺമെന്റിൽ നിന്ന് മറച്ചുവെച്ചാൽ കടക്കെണിമൂലം കൃഷിക്കാരൻ ആത്മഹത്യ ചെയ്യുമ്പോൾ അവരുടെ കുടുംബങ്ങളെ സഹായിക്കുന്നതിന് പകരം അവരുടെ കുടുംബങ്ങൾക്ക്.....

മി. ഡെപ്യൂട്ടി സ്പീക്കർ പ്ലീസ്, പ്ലീസ്,

ശ്രീ. കെ. പി. രാജേന്ദ്രൻ: പ്രത്യേക പാക്കേജുകൾ പ്രഖ്യാപിക്കാനോ.....(മൈക്ക് ഓഫ്).....കൃഷിക്കാരെ സഹായിക്കാനുള്ള പാക്കേജ് പ്രഖ്യാപിക്കാനോ.....

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്, പ്ലീസ്,.....യേസ്, പ്ലീസ്,

ശ്രീ. കെ. പി. രാജേന്ദ്രൻ: കേരളത്തിലെ കൃഷിക്കാർ ആത്മഹത്യ ചെയ്തതിന്റെ യഥാർത്ഥ വസ്തുതകൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര ഗവൺമെന്റിനെ അറിയിക്കണം. നിങ്ങളുടെ ദുരഭിമാനത്തിന്റെ പേരിൽ പരാജയം മറച്ചുവയ്ക്കാൻ, കേരളത്തിലെ കൃഷിക്കാർക്ക് അർഹതപ്പെട്ട ആനുകൂല്യം ഗവൺമെന്റ് നഷ്ടപ്പെടുത്തിയിരിക്കുന്നു. 123 കൃഷിക്കാർ ആത്മഹത്യ ചെയ്ത വിവരം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽ പറഞ്ഞിട്ടുള്ളതാണ്. അതുകൊണ്ട് വസ്തുതകൾ കേന്ദ്ര ഗവൺമെന്റിനെ അറിയിക്കണം, നിങ്ങൾ ദുരഭിമാനം കൈവിടണം. സംസ്ഥാനത്തിന്റെ പ്രശ്നങ്ങൾ കേന്ദ്ര ഗവൺമെന്റിനെ അറിയിക്കാൻ നടപടി സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി. കെ.ആർ.ഗൗരിയമ്മ): സർ, തോക്കിൽ കയറി വെടിവച്ചതുപോലെയായി. 5-7-2004-ൽ ലോകസഭയിൽ പ്രൊവിഷണലായിട്ട് ഒരു സ്റ്റാർഡ് ക്വസ്റ്റ്യൻ അവിടെ വന്നതിന് ഇവിടെ വന്ന് ബഹളം വച്ചിട്ട് കാര്യമുണ്ടോ? 3-7-2004-ൽ മറുപടി കൊടുത്തിട്ടുണ്ട്. ചോദ്യം ഇതാണ്.

(a) Whether cases of suicide by farmers in the country particularly in Andra Pradesh and Kerala have increased during the last six months;

(b) If so, the details of such cases reported in various states during the said period, statewise. ഞാൻ അത് നേരത്തെ ഒന്ന് കൊടുത്തിരുന്നു. പറയണ്ടെങ്കിൽ പറയണ്ടല്ലോ എന്നു വിചാരിച്ചിട്ട് ചോദിച്ച ചോദ്യത്തിന് ഞാൻ നേരത്തെ മറുപടി എഴുതിക്കൊടുത്തിരുന്നു. മറുപടി ഇതാണ്, (a & b) As far as Kerala is concerned, the following information is furnished. Although there had been some reports in the media about cases of suicide by farmers. These are not confirmed because the nature of death can be conclusively ascertained only after detailed investigation by the Police in each of these cases. So it cannot be said at this stage that there had been any increase in the cases of suicides by the farmers in Kerala during the last six months. Details are being collected.

(c) The reasons for sudden spurt in such incidents.....Does not arise

(d) Whether the Government propose to provide any special package to State Governments to check such incidents.....Does not arise

(e) If so, the details thereof ?.....Does not arise. ഇങ്ങനെയാണ് ചോദ്യത്തിന്റെ ഉത്തരം അയച്ചത്. ഇവിടെ കർഷകർ ആത്മഹത്യ ചെയ്തിട്ടില്ല എന്ന് ആരും പറഞ്ഞിട്ടില്ല. whether there is any increase; അതാണ് ചോദ്യം, നമ്മളിവിടെ വെറുതെ വർത്തമാനം പറയുന്നതുപോലെ ഒരു ഗവൺമെന്റിന് മറുപടി കൊടുക്കാൻ പറ്റില്ല. ഡീറ്റെയിൽഡ് ആയിട്ടുള്ള മറുപടിയാണ് കൊടുക്കേണ്ടത്. അതിന്റെ ഡീറ്റെയിൽസ് കളക്ട് ചെയ്യുകയാണ്. അത് പോലീസ് റിപ്പോർട്ടിന്റെ ബേസിസിൽ വേണം; അവിടെ എന്തു പറഞ്ഞുവെന്ന് അറിഞ്ഞുകൂടാ. ഒരു റിപ്പോർട്ട് ബഹുമാനപ്പെട്ട അംഗത്തിന് കൊടുക്കാൻ ഞാൻ മേശപ്പുറത്തുവയ്ക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly